പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5065 30.06.2014 ൽ മറുപടിക്ക്

## ഷാഡോ പോലീസ് സംവിധാനം

| ചോദ്യം<br>**ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ** | മറുപടി<br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| എ) ഷാഡോ പോലീസ് സംവിധാനം എന്നു മുതലാണ് നിലവിൽ വന്നത്;<br>ബി) പ്രസ്തുത വിഭാഗത്തിന്റെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും<br>ഷാഡോ പോലീസ് സംവിധാനം ഒരു ഏകീകൃത സ്വഭാവത്തിൽ രൂപീകരിക്കപ്പെട്ട വിഭാഗമല്ല. എന്നാൽ ഇത് കാലാകാലങ്ങളിൽ കുറ്റകൃത്യങ്ങൾ മുളയിലേ നുള്ളി കുറ്റവാളികളെ നിയമത്തിനു മുൻപിൽ കൊണ്ടുവരുന്നതിനായി പോലീസ് ഉദ്യോഗസ്ഥർ യൂണിഫോമില്ലാത്ത (മഫ്തി) വേഷത്തിൽ വിവിധ ഭാഗങ്ങളിൽ പ്രവർത്തിയെടുത്തിരുന്നു. കാലാന്തരത്തിൽ ഈ വിഭാഗത്തിന് അതാത് ജില്ലാ പോലീസ് മേധാവിമാർ അവരവരുടെ അധികാര പരിധിയിൽ ഇത്തരം ഡ്യൂട്ടി ചെയ്ത് വരുന്നവരെ കേന്ദ്രീകൃത നിയന്ത്രണത്തിൽ കൊണ്ടു വരികയും ആയതിന് ഇത്തരത്തിലൊരു പേര് നൽകുകയും ചെയ്തു. ഇവർ ജയിൽ പരിസരം, സാമൂഹ്യവിരുദ്ധർ കേന്ദ്രീകരിക്കാവുന്ന സ്ഥലങ്ങൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ പോലുള്ള |

| | |
|---|---|
| | സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള പൊതുജനങ്ങൾ കൂടുതലായി എത്തിപ്പെടുന്ന സ്ഥലങ്ങളിൽ ടി ഉദ്യോഗസ്ഥരെ രഹസ്യ അന്വേഷണത്തിനും മറ്റുമായി നിയോഗിക്കാറുണ്ട്. ഇത് ഒരു സ്ഥിരം സംവിധാനമല്ല. |
| **സി)** ഒരു ജില്ലയിലെ ഷാഡോ പോലീസ് അംഗസംഖ്യ എത്രയാണ്; ആരുടെ കീഴിലാണ് പ്രവർത്തിക്കുന്നത്; | **(സി)** ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രത്യേകമായി അംഗസംഖ്യ നിശ്ചയിച്ചിട്ടില്ല. ജില്ലാ പോലീസ് മേധാവി നിശ്ചയിക്കുന്നത് അനുസരിച്ച് അദ്ദേഹത്തിന് കീഴിലുള്ള പോലീസ് സ്റ്റേഷനുകളിലും മറ്റും നിന്ന് ഇത്തരം ഡ്യൂട്ടികൾക്കായി ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ ഉപയോഗിക്കാറുണ്ട്. |
| **ഡി)** വാഹനങ്ങൾ തടഞ്ഞ് പരിശോധിക്കാൻ ഷാഡോ പോലീസിനെ അധികാരപ്പെടുത്തിയിട്ടുണ്ടോ? | **ഡി)** ഇല്ല. |

**സെക്ഷൻ ഓഫീസർ**

AB